B/- 29217/17

# വകുപ്പ്തല കണക്കു പരിശോധനാ റിപ്പോർട്ട്
# ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, പോത്തൻകോട്

| | | | |
|---|---|---|---|
| 1. | പരിശോധനാ തീയതി | : | 12.07.2016 മുതൽ 15.07.2016 വരെ |
| 2. | പരിശോധനാ കാലയളവ് | : | 01.04.2011 മുതൽ 31.03.2014 വരെ |
| 3. | പരിശോധനാ വിഭാഗം | : | ഫിനാൻസ് E ആഡിറ്റ് |
| 4. | പരിശോധനാ ടീമിൽ പങ്കെടുത്തവർ | | |
| | ജൂനിയർ സൂപ്രണ്ട് | : | ശ്രീ. കെ.കെ. പ്രസാദ് |
| | ക്ലാർക്ക് (ഹയർഗ്രേഡ്) | : | ശ്രീ. കെ.കെ. ശ്രീരാജ് |

## പരിശോധനാ കാലയളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
## പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 1

| | | | |
|---|---|---|---|
| 1. | ശ്രീ. ഷിബു | : | 10.06.2010 മുതൽ 03.12.2011 വരെ |
| 2. | ശ്രീമതി. സുലേഖദേവി. ഡി. | : | 04.12.2011 മുതൽ 15.05.2012 വരെ |
| 3. | ശ്രീമതി. എസ്.എസ്. ബീന | : | 16.05.2012 മുതൽ 18.06.2014 വരെ |
| 4. | ശ്രീ. ആർ. രഘു | : | 19.06.2014 മുതൽ 02.05.2015 വരെ |
| 5. | ശ്രീമതി. സനൂജബീവി. എം.ആർ. | : | 04.05.2015 മുതൽ 31.05.2015 വരെ |
| 6. | ശ്രീ. ആർ. രഘു | : | 01.06.2015 മുതൽ 03.07.2015 വരെ |
| 7. | ശ്രീ. എബി എബ്രഹാം | : | 04.07.2015 മുതൽ 21.05.2016 വരെ |
| 8. | ശ്രീമതി. സനൂജബീവി. എം.ആർ. | : | 23.05.2016 മുതൽ 05.07.2016 വരെ |
| 9. | ശ്രീമതി. മിനി. പി. | : | 07.07.2016 മുതൽ തുടരുന്നു. |

## ഭാഗം I

### ആമുഖം

### A. വകുപ്പ്തല കണക്കു പരിശോധനാ റിപ്പോർട്ട്

01.04.2009 മുതൽ 31.03.2011 വരെയുള്ള കാലയളവിലെ ആഡിറ്റ് ഫിൻ-സി. വിഭാഗം 09.05.2015 മുതൽ 12.05.2015 വരെ നടത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഒരു ഖണ്ഡികയ്ക്കുപോലും മറുപടി അയച്ചതായി കാണുന്നില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. നാളിതുവരെ മറുപടി അയയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

### B. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ട്

01.12.2013 മുതൽ 30.11.2014 വരെ ആഡിറ്റ് നടത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 02.02.2015 ന് റിപ്പോർട്ട് ലഭിച്ചത്. റിപ്പോർട്ട് ലഭിച്ച് 16 മാസങ്ങൾ കഴിഞ്ഞിട്ടും ഒരു താത്കാലിക മറുപടി പോലും അയച്ച് കൊടുക്കാത്തതും, ഗുരുതരമായ വീഴ്ചയാണ്. വിശദീകരണം നൽകേണ്ടതാണ്.

ഡിപ്പാർട്ട്മെന്റ് ആഡിറ്റിന്റെ ഫയലും, A.G. യുടെ ആഡിറ്റിന്റെ ഫയലും ക്രമരഹിതമായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്. ഫയൽ വളരെ അലക്ഷ്യമായിട്ട് കൈകാര്യം ചെയ്യുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

### C. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദവിവരം അറിയാൻ സാധിക്കുന്നില്ല. K.F.C. വാല്യം 1 ആർട്ടിക്കിൾ 63 ബി പ്രകാരവും, Finance (I.A.C.) ഡിപ്പാർട്ട്മെന്റിന്റെ 10.06.2015 ലെ 32/2005/ഫിൻ നമ്പർ സർക്കുലർ പ്രകാരവും ഒരു ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കേണ്ടതും, തീർപ്പാക്കാതെ അവശേഷിക്കുന്ന പരിശോധനാ കുറിപ്പുകളിന്മേൽ ശേഷിക്കുന്നതും, തീർപ്പാക്കിയതുമായ ഖണ്ഡികകളുടെ വിശദവിവരം രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും, അടുത്ത ആഡിറ്റ് വിഭാഗത്തെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

പോത്തൻകോട് ബ്ലോക്ക് പട്ടികജാതി വികസന ആഫീസിലെ 01.04.2011 മുതൽ 31.03.2014 വരെയുള്ള കാലയളവിലെ കണക്കുകൾ പരിശോധിച്ചതിന്റെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## ഭാഗം II

## ക്യാഷ് ബുക്കും, അനുബന്ധ രജിസ്റ്ററുകളും

### A. ക്യാഷ് ബുക്കും/ബിൽ ബുക്കും

1. ബിൽ നം. CB/LG/64/11-12 പ്രകാരം 1,50,000/- രൂപയും, ബിൽ നം. CB/LG/65/11-12 പ്രകാരം 1,50,000/- രൂപയും, ടി രണ്ട് ബില്ലുകൾ 24.05.2011, 25.05.2011 എന്നീ തീയതികളിലായി STO പാസാക്കിയിട്ടുണ്ട്. എന്നാൽ അന്നേ ദിവസമോ, തുടർന്നുള്ള ദിവസങ്ങളിലോ ഈ തുകകൾ ക്യാഷ് ബുക്കിൽ വരവ് വെച്ചതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

2. ബിൽ നം. EPB/7/12-13 പ്രകാരം 23,618/- രൂപ 04.06.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്തതായി കാണുന്നു. എന്നാൽ 04.06.2012 നോ തുടർന്നുള്ള തീയതികളിലോ ഈ തുക ക്യാഷ് ബുക്കിൽ വരവ് വെച്ചതായി കാണുന്നില്ല. കൂടാതെ 23,618/- രൂപയുടെ ബില്ല് ട്രഷറിയിൽ നൽകിയപ്പോൾ ട്രഷറി ഓഫീസർ പാസാക്കിയിരിക്കുന്നത് 23,619/- രൂപയാണ്. വിശദീകരണം നൽകേണ്ടതാണ്.

3. ബിൽ നം. CB/MA/79/12-13 പ്രകാരം 2,00,000/- രൂപയുടെ ബില്ല് ട്രഷറിയിൽ നൽകിയപ്പോൾ STO പാസാക്കിയത് 20,000/- രൂപയാണ്. എന്നാൽ ക്യാഷ് ബുക്കിൽ 2 ലക്ഷം രൂപ വരവും, ചെലവും കാണിച്ചിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

4. 2012-13 ലെ ക്യാഷ് ബുക്ക് പേജ് നമ്പർ 68 മുതൽ 73 വരെയുള്ള പേജുകൾ ഒരുമിച്ച് ചേർത്ത് പിൻ ചെയ്തിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

5. ബിൽ നം. CB/Honorarium/114/13-14 പ്രകാരം 20,000/- രൂപയുടെ ബില്ല് ട്രഷറിയിൽ നൽകിയെങ്കിലും ഈ തുക STO പാസാക്കിയതായി കാണുന്നില്ല. എന്നാൽ 05.03.2014 ൽ എസ്.സി. പ്രൊമോട്ടർമാർക്ക് ഹോണറേറിയം നൽകിയതായി ക്യാഷ് ബുക്കിൽ വരവും, ചെലവും രേഖപ്പെടുത്തിയതായി കാണുന്നു.

## B. <u>അക്വിറ്റൻസ് (ജീവനക്കാര്യം)</u>

1. ബിൽ നം. EPB/1/2012-13 പ്രകാരം 22,829/- രൂപ ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത് ഇതിൽ 11,402/- രൂപ 09.04.2012 ന് വിതരണം ചെയ്തതായി കാണുന്നു. ശേഷിച്ച 11,427/- രൂപ 16.05.2012 ൽ ശ്രീമതി. അലോഷ്യാ ആൻഡ്രൂസ് കൈപ്പറ്റിയതായി കാണുന്നു. എന്നാൽ ഈ തുകയുടെ ചെലവ് വിവരം അന്നേ ദിവസമോ തുടർന്നുള്ള ദിവസമോ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

2. ബിൽ നം. EPB/3/2012-13 പ്രകാരം 04.05.2012 ന് ട്രഷറിയിൽ നിന്നും സാലറി ഇനത്തിൽ തേർച്ച ചെയ്ത 22,754/- രൂപയിൽ ശ്രീ. ഷിജിത്തിന് 04.05.2012 ന് 11,327/- രൂപയും, ശ്രീമതി. അലോഷ്യാ ആൻഡ്രൂസിന് 16.05.2012 ന് 11,427/- രൂപയും അക്വിറ്റൻസ് പ്രകാരം നൽകിയതായി കാണുന്നു. എന്നാൽ 16.05.2012 ൽ മുഴുവൻ തുകയും വിതരണം നടത്തിയതായിട്ടാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

3. ബിൽ നം. EPB/20/2012-13 പ്രകാരം 02.07.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്തത് 25,435/- രൂപ ആണ്. അന്നേ ദിവസം ഇത്രയും രൂപ വിതരണം ചെയ്തതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് പരിശോധിച്ചതിൽ Gross Amount : 37,868/- രൂപ എന്നും, Net Amount : 25,438/- രൂപ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Net Amount വെട്ടി തിരുത്തി എഴുതിയിരിക്കുന്നു. ആകെ തുക കൂട്ടി എഴുതിയിരിക്കുന്നത് അക്കത്തിലും, അക്ഷരത്തിലും 25,438/- രൂപ എന്നാണ് എഴുതിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

4. 2012-13 ലെ അക്വിറ്റൻസ്, പേജ് നം. 68 മുതൽ 73 വരെയുള്ളത് ചേർത്ത് വെച്ച് പിൻ ചെയ്തിരിക്കുന്നു.

5. ബിൽ നം. EPB/84/2013-14 പ്രകാരം 04.01.2014 ന് 21,051/- രൂപ ട്രഷറിയിൽ നിന്നും തേർച്ച ചെയ്തതായി കാണുന്നു. അക്വിറ്റൻസ് പ്രകാരം 04.01.2014 ന് 12,131/- രൂപ ശ്രീമതി. രോഹിണി കൈപ്പറ്റിയതായി കാണുന്നു. എന്നാൽ ശ്രീ. ഷിജി സ്റ്റാമ്പ് പതിപ്പിച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, തുക എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

6. ബിൽ നം. EPB/88/2013-14 പ്രകാരം 09.01.2014 ന് 826/- രൂപ ട്രഷറിയിൽ നിന്നും തേർച്ച ചെയ്യുകയും, 18.01.2014 ലെ ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് പ്രകാരം ശ്രീമതി. രോഹിണി, L.D.C. തുക കൈപ്പറ്റിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

7. ബിൽ നം. CB/15/AC/2013-14 പ്രകാരം 24.06.2013 ന് തേർച്ച ചെയ്ത 15,000/- രൂപ വിതരണം നടത്തിയതായി ക്യാഷ് ബുക്കിൽ ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അക്വിറ്റൻസിൽ 89-ാം പേജിലും, 95-ാം പേജിലും സ്റ്റാമ്പ് പതിപ്പിച്ച് ഒപ്പിട്ടതായി കാണുന്നു. ഒരു തുകയ്ക്ക് വേണ്ടി രണ്ടു പ്രാവശ്യം സ്റ്റാമ്പ് പതിപ്പിച്ച് ഒപ്പിട്ടതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം III

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

### I. ലംപ്സം ഗ്രാന്റ് (D.D. രജിസ്റ്റർ)

1. ബിൽ നം. CB/01/15/11-12 പ്രകാരം 21.06.2011 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 500/- രൂപ അന്നേ ദിവസം ക്യാഷ് ബുക്കിൽ വരവും, 21.06.2011 ന് ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

### II. ലംപ്സം ഗ്രാന്റ് (S.C.)

1. 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വർഷം വരെ പട്ടികജാതി വിദ്യാർത്ഥികൾക്കായി ലംപ്സം ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | സ്കൂളുകളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 66 | 10,51,280/- | 10,51,280/- | Nil |
| 2 | 2012-13 | 49 | 10,49,900/- | 10,49,900/- | ,, |
| 3 | 2013-14 | 43 | 18,54,500/- | 18,54,500/- | ,, |
| 4 | 2014-15 | 49 | 19,98,900/- | 19,98,900/- | ,, |
| 5 | 2015-16 | 51 | 18,85,500/- | 18,85,500/- | ,, |

2. സ്കൂളിൽ നിന്നും ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റും അക്വിറ്റൻസും ക്രമമായി വർഷം തിരിച്ച് അടുക്കി സൂക്ഷിക്കേണ്ടതാണ്.

3. ലംപ്സം ഗ്രാന്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. സ്കൂൾ മേധാവിയിൽ നിന്നും ലഭിച്ച രസീതുകൾ വർഷം തിരിച്ച് ക്രമമായി പണം പറ്റ് രസീതുകളുടെ കൂട്ടത്തിൽ സൂക്ഷിക്കേണ്ടതാണ്.

## III. ലംപ്സം ഗ്രാന്റ് (OEC)

1. 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വരെ മറ്റനർഹ വിദ്യാർത്ഥികൾക്കായി ലംപ്സം ഗ്രാന്റ് വിതരണം നടത്തി പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|
| 1 | 2011-12 | 52 | 165 | 77,320/- | 77,320/- | Nil |
| 2 | 2012-13 | 25 | 120 | 69,900/- | 69,900/- | ,, |
| 3 | 2013-14 | 38 | 142 | 1,44,003/- | 1,44,003/- | ,, |
| 4 | 2014-15 | 36 | 135 | 3,13,000/- | 3,13,000/- | ,, |

2. സ്കൂളിൽ നിന്നും ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റും, അക്വിറ്റൻസും വർഷം തിരിച്ച് ക്രമമായി അടുക്കി സൂക്ഷിക്കേണ്ടതാണ്.

3. ലംപ്സം ഗ്രാന്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. സ്കൂൾ മേധാവിയിൽ നിന്നും ലഭിച്ച രസീതുകൾ വർഷം തിരിച്ച് ക്രമമായി പണം പറ്റ് രസീതുകളുടെ കൂട്ടത്തിൽ സൂക്ഷിക്കേണ്ടതാണ്.

## IV. പ്രൈമറി എഡ്യൂക്കേഷൻ എയിഡ്

1. 2014-15 സാമ്പത്തികവർഷം 26 സ്കൂളുകളിലെ 910 വിദ്യാർത്ഥികൾക്കായി 18,28,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2. 2015-16 സാമ്പത്തികവർഷം 26 സ്കൂളുകളിലെ 941 വിദ്യാർത്ഥികൾക്കായി 18,82,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3. രസീതുകൾ വർഷം തിരിച്ച് ക്രമമായി അടുക്കി സൂക്ഷിക്കേണ്ടതാണ്.

## V. ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

1. 2011-12 സാമ്പത്തികവർഷം മുതൽ 2015-16 വർഷം വരെ ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പ്രകാരം ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | മുൻവർഷത്തെ വിദ്യാർത്ഥികൾ | പുതിയ വർഷത്തെ വിദ്യാർത്ഥികൾ | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|
| 1 | 2011-12 | 20 | 7 | 85,500/- | 85,500/- | Nil |
| 2 | 2012-13 | 15 | 6 | 84,375/- | 84,375/- | ,, |
| 3 | 2013-14 | 40 | 18 | 1,57,500/- | 1,57,500/- | ,, |
| 4 | 2014-15 | 60 | 25 | 2,67,000/- | 2,67,000/- | ,, |
| 5 | 2015-16 | 50 | 17 | 3,01,500/- | 3,01,500/- | ,, |

2. മുൻ വർഷങ്ങളിലെ വിദ്യാർത്ഥികൾ റിനൂവൽ ചെയ്യുമ്പോൾ കൂടുതൽ വിദ്യാർത്ഥികൾ പരാജയപ്പെടുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്.

## VI. പ്രത്യേക പ്രോത്സാഹന സമ്മാനം

2011-12 സാമ്പത്തികവർഷത്തിൽ 14 വിദ്യാർത്ഥികൾക്കായി 21,750/- രൂപ ചെലവഴിച്ചതായും 2015-16 ൽ 157 വിദ്യാർത്ഥികൾക്കായി 3,45,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2012-13 മുതൽ 2014-15 വരെ ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ ഒന്നും ലഭ്യമല്ല.

## VII. പാരലൽ കോളേജ്

1. 27.11.12 ന് ശ്രീമതി. സജിനി. ഒ. എന്നയാൾക്ക് 6,514/- രൂപ നൽകിയതായി അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്യാഷ് ബുക്കിൽ അന്നേദിവസം ഈ തുകയുടെ ചെലവ് രേഖപ്പെടുത്തി കാണുന്നില്ല.

2. പാരലൽ കോളേജ് പഠനത്തിനായി 2011-12 മുതൽ 2015-16 വരെ ചെലവഴിച്ച തിന്റെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 21 | 1,21,086/- | 1,21,086/- | Nil |
| 2 | 2012-13 | 1 | 6,514/- | 6,514/- | ,, |
| 3 | 2013-14 | 25 | 1,74,562/- | 1,74,562/- | ,, |
| 4 | 2014-15 | 8 | 65,873/- | 65,873/- | ,, |
| 5 | 2015-16 | 11 | 77,866/- | 77,866/- | ,, |

## VIII. ഭൂരഹിത പുനരധിവാസ പദ്ധതി

A. 2012-13 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ കരാർ ഉടമ്പടി ചെയ്തതായി കാണുന്നില്ല.

1. ഷീല. പി.
   തോട്ടിൻകരവീട്,
   കുടവൂർ പി.ഒ.

2. മനൂജ. എസ്.
   പണച്ചിൽ വീട്,
   പാച്ചിറ, പള്ളിപ്പുറം പി.ഒ.

3. രതി
   ശ്രീപാദം കോളനി,
   പള്ളിപ്പുറം.

4. ശ്രീമതി. വസന്ത
   പ്ലാമൂട് വീട്, ഇരട്ടകുളങ്ങര,
   മുരുക്കുംപുഴ പി.ഒ.

5. സോജിയ
   തിരുവാതിരകാരവിള
   ലക്ഷം വീട്, അഴൂർ പി.ഒ.

6. മിനിമോൾ. എസ്.
   പുന്നാവിളാകത്തുവീട്,
   ഖബറഡി, കൊയ്ത്തൂർകോണം.

7. സിന്ധു. ആർ.
കുരുവിളാകത്തുവീട്,
മേൽപ്പറമ്പ്, കണിയാപുരം.

മിക്ക അപേക്ഷകളിലും കരാർ ഉടമ്പടി ഇല്ല, വസ്തു ഉടമയിൽ നിന്നും സമ്മതപത്രം ഇല്ല. ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റും ഇല്ല.

1. വിജയമ്മ
സുജിത്ത് നിവാസ്,
അഴൂർ.

2. രാധ. ആർ.
മാണ്ഡവകുന്ന് പുതുവൽപുത്തൻവീട്,
പോത്തൻകോട്.

3. സുനിത,
മഹേഷ് ഭവൻ,
അഴൂർ.

B. ജയചന്ദ്രൻ. സി, കോവിൽവിളാകം വീട്, കീഴ് തോന്നയ്ക്കൽ, മഞ്ഞമല പി.ഒ. എന്നയാളുടെ മാതാവ് ഭാനുമതിയുടെ പേരിൽ സർവ്വേ 248/11-2 ൽ 09 ആർ 60 ച. മീ. ഭൂമി ഉള്ളതായും അതിൽ റേഷൻകാർഡ് പ്രകാരം 6 അവകാശികൾ ഉള്ളതായും കാണുന്നു. കുടുംബ ഓഹരി ഇനത്തിൽ വസ്തു ലഭിക്കാൻ അർഹതയുള്ളതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

C. അനിൽകുമാർ. എസ്., അജി ഭവൻ, ലാൽഭാഗ നഗർ, തോന്നക്കൽ എന്നയാളുടെ അപേക്ഷയോടൊപ്പം ഭാര്യയുടെ കുടുംബ ഓഹരി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റും വാങ്ങിയിട്ടില്ല. ഇത്രയും സർട്ടിഫിക്കറ്റുകൾ വാങ്ങാതെ ഭൂമി വാങ്ങി നൽകിയ നടപടി തികച്ചും ചട്ടവിരുദ്ധമാണ്. വിശദീകരണം നൽകേണ്ടതാണ്.

D. 2011-12 സാമ്പത്തികവർഷം മുതൽ 2015-16 വരെ ഭൂമി നൽകിയതായി ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 68 | 1,02,00,000/- | 1,02,00,000/- | Nil |
| 2 | 2012-13 | 81 | 1,21,50,000/- | 1,21,50,000/- | ,, |
| 3 | 2013-14 | 35 | 52,50,000/- | 52,50,000/- | ,, |
| 4 | 2014-15 | 29 | 1,08,75,000/- | 1,08,75,000/- | ,, |
| 5 | 2015-16 | 23 | 85,31,250/- | 85,31,250/- | ,, |

E. വർഷം തിരിച്ച് ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും, ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## IX. ഭവനനിർമ്മാണ ധനസഹായം

1. 2007-08 സാമ്പത്തിക വർഷം മുതൽ ഇനിയും വീടുപണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നതിന്റെ സ്പിൽ ഓവർ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തിയാക്കുന്നതിന്റെ സ്റ്റേജ് വിവരം | | | ആകെ പൂർത്തിയാക്കിയ വീടുകൾ | ഇനിയും അവശേഷിക്കുന്ന വീടുകൾ |
|---|---|---|---|---|---|---|---|
| | | | | | | | |
| 1 | 2007-08 | 87 | | | | 76 | 11 |
| 2 | 2008-09 | 112 | | | | 91 | 21 |
| 3 | 2009-10 | 68 | | | | 55 | 13 |
| 4 | 2010-11 | 37 | | | | 26 | 11 |
| 5 | 2011-12 | 21 | | | | 18 | 3 |
| 6 | 2012-13 | 25 | | | | 21 | 4 |
| 7 | 2013-14 | 70 | | | | 60 | 10 |
| 8 | 2014-15 | 47 | | | | 44 | 3 |
| 9 | 2015-16 | 45 | | | | 8 | 37 |
| ആകെ | | 512 | | | | 399 | 113 |

2. എത്രയും വേഗം അവശേഷിക്കുന്ന വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## X. വിവാഹ ധനസഹായം

2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വർഷം വരെ വിവാഹ ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 140 | 28,00,000/- | 28,00,000/- | Nil |
| 2 | 2012-13 | 61 | 17,00,000/- | 17,00,000/- | ,, |
| 3 | 2013-14 | 185 | 92,50,000/- | 92,50,000/- | ,, |
| 4 | 2014-15 | 67 | 33,50,000/- | 33,50,000/- | ,, |
| 5 | 2015-16 | 85 | 42,50,000/- | 42,50,000/- | ,, |

വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും വർഷം തിരിച്ച് ക്രമമായി അടുക്കി സൂക്ഷിക്കേണ്ടതാണ്.

## XI. മിശ്രവിവാഹ ധനസഹായം

2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വർഷംവരെ മിശ്രവിവാഹ ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 19 | 9,50,000/- | 9,50,000/- | Nil |
| 2 | 2012-13 | 13 | 6,50,000/- | 6,50,000/- | ,, |
| 3 | 2013-14 | 30 | 15,00,000/- | 15,00,000/- | ,, |
| 4 | 2014-15 | 14 | 7,00,000/- | 7,00,000/- | ,, |
| 5 | 2015-16 | 10 | 5,00,000/- | 5,00,000/- | ,, |

വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും, ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XII. ചികിത്സാ ധനസഹായം

1. 2013-14 ലെ ഉത്തരവ് നമ്പർ എ5 - 3715/12(11) തീയതി : 18.03.14 ശ്രീ. സുരേഷിന് 50,000/- രൂപയും, ശ്രീ. കൃഷ്ണന് 25,000/- രൂപയും നൽകിയതായി കാണുന്നു. എന്നാൽ ഇവ ഏതു തീയതിയിൽ നൽകിയതെന്നു കണ്ടെത്താൻ കഴിയുന്നില്ല. SCDO തീയതി വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. വിശദീകരണം നൽകേണ്ടതാണ്.

2. ശ്രീമതി. ആശാ. എ, കൃപാഭവൻ, പെരുങ്ങുഴി എന്നയാൾക്കും മേൽ ഉത്തരവ് പ്രകാരം 40,000/- രൂപ അനുവദിച്ചതായി കാണുന്നു. എന്നാൽ ഈ തുക വിതരണം ചെയ്തതായി കാണുന്നില്ല. ഈ തുക തിരിച്ചടച്ചത് സംബന്ധിച്ച് വിവരവും അക്വിറ്റൻസിൽ ഇല്ല. വിശദീകരണം നൽകേണ്ടതാണ്.

3. ശ്രീമതി. ശാന്ത. പി, വിളയിൽ വീട്, ഇടവിളാകം, മുരുക്കുംപുഴ എന്നയാൾക്ക് ഉത്തരവ് നമ്പർ എ5 - 3714/2012 തീയതി 8/12 പ്രകാരം 3,000/- രൂപ അനുവദിച്ചതായി കാണുന്നു. എന്നാൽ ഈ തുകയും വിതരണം ചെയ്തതായി കാണുന്നില്ല. ഈ തുക തിരിച്ചടച്ചത് സംബന്ധിച്ച് ഒരു വിവരവും അക്വിറ്റൻസിൽ ലഭ്യമല്ല. വിശദീകരണം നൽകേണ്ടതാണ്.

4. 2011-12 സാമ്പത്തികവർഷം മുതൽ 2015-16 വരെ ചികിത്സാ ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 12 | 76,000/- | 76,000/- | Nil |
| 2 | 2012-13 | 8 | 38,000/- | 38,000/- | ,, |
| 3 | 2013-14 | 7 | 1,95,000/- | 1,95,000/- | ,, |
| 4 | 2014-15 | 78 | 13,91,500/- | 13,91,500/- | ,, |
| 5 | 2015-16 | 335 | 69,33,500/- | 69,33,500/- | ,, |

5. വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും, ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XIII. സൈക്കിൾ ഗ്രാന്റ് വിതരണം

1. ബിൽ നം. CB/CY/SC/72/11-12 പ്രകാരം 27.12.2011 ന് 8,73,000/- രൂപ ട്രഷറിയിൽ നിന്ന് തേർച്ച ചെയ്ത് 13.01.2012 ൽ 6 സ്കൂളുകൾക്കായി 7,92,000/- രൂപയും, 19.01.2012 ൽ 2 സ്കൂളുകൾക്കായി 81,000/- രൂപയും നൽകിയതായി കാണുന്നു. തുക വിതരണം സംബന്ധിച്ച് Abstract എഴുതി SCDO സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഹെഡ്മാസ്റ്റർ, അയിരുപാറ, ഹൈസ്കൂൾ അക്വിറ്റൻസ് പ്രകാരം 19.01.2012 ന് 45,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സ്കൂളിൽ നിന്നും അക്വിറ്റൻസിന്റെ കോപ്പിയാണ് ഹാജരാക്കിയിരിക്കുന്നത്. സൈക്കിൾ വാങ്ങിയതിന്റെ 45,000/- രൂപയുടെ വൗച്ചറുകളും ഫയലിൽ ലഭ്യമല്ല. പദ്ധതി നടപ്പിലാക്കിയിട്ട് 4 വർഷം കഴിഞ്ഞിട്ടും വൗച്ചർ വാങ്ങി സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. വിശദീകരണം നൽകേണ്ടതാണ്.

3. ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.എസ്, തോന്നക്കൽ, കുടവൂർ പി.ഒ, അക്വിറ്റൻസ് പ്രകാരം 2,37,000/- രൂപ 13.01.2012 ന് കൈപ്പറ്റിയിട്ടുണ്ട്. സ്കൂളിൽ നിന്നും ഹാജരാക്കിയ അക്വിറ്റൻസിൽ വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ക്ലാസ്സ് അദ്ധ്യാപകന്റെ ഒപ്പ് രേഖപ്പെടുത്തി കാണുന്നില്ല. സൈക്കിൾ വാങ്ങിയതിന്റെ 2,37,000/- രൂപയുടെ വൗച്ചറും ലഭ്യമല്ല. ഈ കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

4. ഹെഡ്മാസ്റ്റർ, സെന്റ് മൈക്കിൾ, എച്ച്.എസ്. കഠിനംകുളം അക്വിറ്റൻസ് പ്രകാരം 81,000/- രൂപ 13.01.2012 ന് കൈപ്പറ്റിയിട്ടുണ്ട്. സ്കൂളിൽ നിന്നും 27 വിദ്യാർത്ഥികളുടെ അക്വിറ്റൻസും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 27 വിദ്യാർത്ഥികൾക്കും ഒരു രസീതാണ് നൽകിയിരിക്കുന്നത്. ഇത് ശരിയായ നടപടി അല്ല. ഓരോ വിദ്യാർത്ഥികളുടെയും പ്രത്യേകം പ്രത്യേകം രസീതുണ്ട്. വാങ്ങി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

5. ഹെഡ് മാസ്റ്റർ, ഗവൺമെന്റ് എച്ച്.എസ്, വെയിലൂർ അക്വിറ്റൻസ് പ്രകാരം 60,000/- രൂപ 13.01.2012 ന് കൈപ്പറ്റിയിട്ടുണ്ട്. സ്കൂളിൽ നിന്നും ഹാജരാക്കിയ അക്വിറ്റൻസിൽ തീയതി രേഖപ്പെടുത്തി കാണുന്നില്ല. വൗച്ചറുണ്ട്. ക്യാൻസൽ ചെയ്ത് H.M. സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. SCDO യുടെ 10.01.2012 ലെ കത്തിൽ KB/134/11 പ്രകാരം, ഒർജിനൽ, അക്വിറ്റൻസ്, ലിസ്റ്റ്, തുക, വിനിയോഗ സർട്ടിഫിക്കറ്റ് മുതലായവ ജനുവരി 31 ന് മുമ്പായി നൽകണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ശേഷം നടപടി പൂർത്തീകരിച്ച് കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## XIV. <u>ഭൂരഹിതം DD വിതരണം</u>

1. ബിൽ നം. CB/LG/37/12-13 പ്രകാരം 06.08.2012 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്തത് 1,50,000/- രൂപയാണ് (DD No. 948955). ശ്രീ. സുരേഷ്, ശ്രീമതി. വിനി, ചരുവിള വീട്, അഴൂർ പി.ഒ. എന്നയാളിൽ നിന്നും 3 സെന്റ് ഭൂമി വാങ്ങിയതായി കാണുന്നു. എന്നാൽ മേൽ ഡി.ഡി. കൈപ്പറ്റിയത് സംബന്ധിച്ച് രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ബിൽ നം. CB/LG/42/12-13 പ്രകാരം 10.08.2012 ന് ട്രഷറിയിൽ നിന്നും 6 ലക്ഷം രൂപ തേർച്ച ചെയ്തതായി കാണുന്നു. ശ്രീമതി. അംബി, ശ്രീ. ഷിജു, ശ്രീമതി. സുനിത, ശ്രീ. അനിൽകുമാർ എന്നിവർ ശ്രീമതി. രാജകുമാരി അമ്മ, മോഹനവിലാസം, കീഴ്തോന്നയ്ക്കൽ എന്നയാളിൽ നിന്നും 3 സെന്റ് ഭൂമി വീതം വാങ്ങിയതിനാണ് 6 ലക്ഷം രൂപ ഡി.ഡി. യായി മാറിയത്. എന്നാൽ ഡി.ഡി. കൈപ്പറ്റിയതായി സ്റ്റാമ്പ് പതിപ്പിച്ച് ഒപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

3. താഴെ പറയുന്ന ബില്ലുകൾ പ്രകാരം മാറിയ തുകകളുടെ ഡി.ഡി. ഒന്നും തന്നെ കൈപ്പറ്റിയതായ ഒരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

| | | |
|---|---|---|
| (a) ബിൽ നം. CB/LG/45/12-13 | Rs. 1,50,000/- | dt. 14.08.12. |
| (b) ബിൽ നം. CB/LG/47/12-13 | Rs. 6,00,000/- | dt. 17.08.12. |
| (c) ബിൽ നം. CB/LG/48/12-13 | Rs. 1,50,000/- | dt. 18.08.12. |

4. അക്വിറ്റൻസ് പ്രകാരം 2011-12 വർഷത്തിൽ 68 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ 04.11.11 മുതൽ 19.03.2012 വരെ 63 പേർക്ക് മാത്രമേ തുക നൽകിയതായി ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളു. വിശദീകരണം നൽകേണ്ടതാണ്.

5. 2012-13 വർഷത്തിൽ രജിസ്റ്റർ പ്രകാരം 81 ഗുണഭോക്താക്കൾക്ക് തുക നൽകിയതായി കാണുന്നു. എന്നാൽ 27.06.2012 മുതൽ 01.04.2013 വരെ 78 പേർക്ക് ധനസഹായം നൽകിയതിന്റെ ചെലവ് മാത്രമേ രേഖപ്പെടുത്തി കാണുന്നുള്ളു. വിശദീകരണം നൽകേണ്ടതാണ്.

## XV. പേ ബിൽ രജിസ്റ്റർ

2008 ൽ ആരംഭിച്ച പേ ബിൽ രജിസ്റ്റർ 11/12 വരെ എഴുതിയിട്ടുണ്ടെങ്കിലും പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ശേഷം പേ ബിൽ എഴുതിയിട്ടില്ല. Abstract ഉം എഴുതി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## XVI. കണ്ടിൻജന്റ് രജിസ്റ്റർ

(a) 2013-14 വർഷത്തെ കണ്ടിൻജന്റ് രജിസ്റ്ററിൽ ജീവനക്കാരുടെ ശമ്പള വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു. ഇത് ശരിയായ നടപടിയല്ല. ജീവനക്കാരുടെ വിവരങ്ങൾ പേ ബിൽ രജിസ്റ്ററിൽ ആണ് രേഖപ്പെടുത്തേണ്ടത്.

(b) SCDO പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(c) ഓരോ ശീർഷകവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും SCDO ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

(d) 2011-12, 2012-13 വർഷങ്ങളിലെ കണ്ടിൻജന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## XVII. T.R. 5 രസീത്

(a) പരിശോധനാ കാലയളവിൽ 09.12.09 ന് ശേഷം T.R. 5 രസീത് ഉപയോഗിച്ച് കാണുന്നില്ല.

(b) T.R. 5 രസീത് ബുക്കുകൾ (യൂസ്ഡ് ആന്റ് അൺയൂസ്ഡ്) T.R. 5 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഉപയോഗിച്ചത് എത്ര, ഇനിയും ഉപയോഗിക്കാനുള്ളത് എത്രയാണെന്ന് വ്യക്തമായി അറിയാൻ കഴിയുന്നില്ല. പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XVIII. സി.ആർ.ഡി.ആർ.

പരിപാലിച്ച് കാണുന്നില്ല.

## XIX. ആധാരങ്ങൾ

2009-10 മുതൽ 2015 വരെയുള്ള ധാരാളം ആധാരങ്ങൾ ആഫീസിൽ സൂക്ഷിക്കുന്നതായി കാണുന്നു. പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താവ് ഹാജരാക്കുന്ന ആധാരം മൂന്ന് വർഷത്തേക്ക് ഓഫീസിൽ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താവ് ഹാജരാക്കുന്ന ആധാരത്തിൽ വസ്തു കൈമാറ്റം ചെയ്യാനോ പണയപ്പെടുത്താനോ പാടില്ലെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആധാരത്തിന്റെ അസ്സൽ തിരികെ നൽകാവുന്നതും, പകർപ്പ് ഓഫീസിൽ സൂക്ഷിക്കാവുന്നതുമാണ്. (ഡെവ എ3 - 16352 തീയതി 19.08.2015).

ആഫീസ് പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. റിപ്പോർട്ട് മേൽകാഴ്ചയ്ക്കും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(ഒപ്പ്)
സീനിയർ ഫിനാൻസ് ഓഫീസർ

PS 13.11.17 (MB)

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3

Phone No. 0471-2737240, 0471-2737229, 0471-2737232

email – sc.directorate@gmail.com


Fin. B2. 29211/17 തീയതി : 1/10/17.

ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ,
തിരുവനന്തപുരം

സർ,

വിഷയം :- പട്ടികജാതി വികസനം - വകുപ്പ്തല പരിശോധന പോത്തൻകോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് 01-4-11 മുതൽ 31-3-14 വരെ ന്യൂനതാ പരിഹരണം - സംബന്ധിച്ച്.

സൂചന :- 1. ഫിൻ E. ഓഡിറ്റ് വിഭാഗം സമർപ്പിച്ച റിപ്പോർട്ട്.
2. ഈ സർക്കുലർ നം. 64/17 തി. 10.8.17.

*******

പോത്തൻകോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ 1-4-11 മുതൽ 31-3-14 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഇതോടൊന്നിച്ചയയ്ക്കുന്നു. ന്യൂനത പരിഹരിച്ച് മറുപടി 15 ദിവസത്തിനകം ലഭ്യമാക്കേണ്ടതാണ്. പരിശോധനാ കാലയളവിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ബാധ്യത ഉണ്ടെങ്കിൽ ആയത് കൂടി നിജപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. സൂചന (2) സർക്കുലർ (3) ~~[illegible]~~ പരിശോധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സീനിയർ ഫിനാൻസ് ഓഫീസർ

Copy to: SCDO, Pothencode Block.
റിപ്പോർട്ടിൻമേലുള്ള മറുപടി ഓഫീസിൽ Tvpm DDO ക്ക് ലഭ്യമാക്കേണ്ടതാണ്.

RL 29.7.17 (s)

R.K. 23/10/17

DESPATCHED 10/1/18